
# ചർച്ചിലിന്റെ പൊയ്മുഖം പിച്ചിച്ചീന്തുന്ന കൃതി

**1943-ലായിരുന്നു** ബംഗാളിനെ നടുക്കിയ പട്ടിണിമരണങ്ങൾ. മുപ്പത് ലക്ഷം ഇന്ത്യക്കാരാണ് ഭക്ഷണം കിട്ടാതെ പിടഞ്ഞു മരിച്ചത്. അന്ന് ഇന്ത്യ ഭരിക്കുന്നത് ബ്രിട്ടീഷുകാർ. രണ്ടാം ലോകയുദ്ധം നടക്കുന്ന കാലം. യുദ്ധമായതുകൊണ്ട് സമയത്തിന് ധാന്യങ്ങളും മറ്റും എത്തിക്കാനാവാത്തതുകൊണ്ട് സംഭവിച്ച ഒരു ദുരന്തമായാണ് നാമതിനെ ഇപ്പോഴും കാണുന്നത്. അത് മനഃപൂർവമുള്ള കൂട്ടക്കൊല തന്നെയായിരുന്നു എന്ന് സമർഥിക്കുന്ന കൃതി ഇപ്പോൾ പുറത്തിറങ്ങിയിരിക്കുന്നു. മധുശ്രീ മുഖർജിയുടെ 'ചർച്ചിലിന്റെ രഹസ്യ യുദ്ധം' (Churchill's Secret War) എന്നാണ് പുസ്തകത്തിന്റെ ശീർഷകം.





■ മധുശ്രീ മുഖർജി

ബംഗാൾ പട്ടിണി മരണം നടക്കുന്ന സമയത്ത് ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന, രണ്ടാം ലോകയുദ്ധാനന്തരം വീരനായക പരിവേഷം ലഭിച്ച വിൻസ്റ്റൻ ചർച്ചിലിന്റെ ദയാരഹിതമായ ഭീകരമുഖം ഗ്രന്ഥകർത്രി പുറത്തുകൊണ്ടുവരുന്നു. ബംഗാളി സമൂഹം പട്ടിണി മരണത്തിലേക്ക് നീങ്ങുകയാണെന്ന് അറിഞ്ഞിട്ടും ഇന്ത്യയിലെ ധാന്യശേഖരം ചർച്ചിൽ ബ്രിട്ടീഷ് സേനാ വ്യൂഹങ്ങളുള്ള വിവിധ നാടുകളിലേക്ക് മാറ്റുകയായിരുന്നു. ഈ സൈനിക വ്യൂഹങ്ങൾക്കാകട്ടെ ആവശ്യത്തിലധികം ഭക്ഷണ സാധനങ്ങൾ മിച്ചമുണ്ട്താനും. പിന്നെയും ബാക്കി വന്ന ധാന്യച്ചാക്കുകൾ ബ്രിട്ടനിലും ഗ്രീസ്, യുഗോസ്ലാവ്യ തുടങ്ങിയ നാടുകളിലും കരുതൽ ശേഖരമായി കുന്നുകൂട്ടി വെച്ചു. ജനം പട്ടിണിയിലേക്ക് നീങ്ങുകയാണെന്ന് ദൽഹിയിൽ നിന്ന് ലണ്ടനിലേക്ക് അടിയന്തര കമ്പി സന്ദേശം വന്നപ്പോൾ ചർച്ചിലിന്റെ ക്രൂരമായ പരിഹാസം: 'ആ ഗാന്ധി ഇപ്പോഴും മരിക്കാതെ ജീവിച്ചിരിപ്പുണ്ടല്ലോ.'

ചത്തൊടുങ്ങട്ടെ എന്നുതന്നെയായിരുന്നു ചർച്ചിലിന്റെ മനസ്സിലിരിപ്പ്. 1943-ൽ ചർച്ചിൽ ദൽഹിയിലെ ബ്രിട്ടീഷ് സെക്രട്ടറിയായിരുന്ന ലിയോപോൾഡ് ആമറിയോട് പറഞ്ഞു: "ഞാൻ ഇന്ത്യക്കാരെ വെറുക്കുന്നു. കാടൻ മതം കൊണ്ട് നടക്കുന്ന കാടൻ ജനതയാണത്." ഒരു യുദ്ധകാല കാബിനറ്റ് മീറ്റിംഗിൽ പറഞ്ഞത് കൂടി കാണുക: "പട്ടിണി മരണമുണ്ടായതിന് കാരണക്കാർ ഇന്ത്യക്കാർ തന്നെ. ഇവരെന്തിനാണ് മുയലുകളെപ്പോലെ പെറ്റ് പെരുകുന്നത്!"

പട്ടിണിയുടെ ലക്ഷണമൊന്നും ഇല്ലാതിരുന്ന സിലോണിലേക്ക് (ഇന്നത്തെ ശ്രീലങ്ക) ഈ സമയത്ത് ഇന്ത്യയിൽ നിന്ന് ഭക്ഷണസാധനങ്ങൾ കയറ്റി അയച്ചിരുന്നതായും വിശന്ന് മരിച്ചവരുടെ മൃതദേഹങ്ങൾ ഇന്ത്യൻ നഗരങ്ങളിൽ ചിതറിക്കിടക്കുമ്പോൾ തൊട്ടപ്പുറത്ത് ഭക്ഷണ സാധനങ്ങൾ നിറച്ച ആസ്ത്രേലിയൻ കപ്പലുകൾ ആ നഗര കടൽ തീരങ്ങളിലൂടെ മെഡിറ്ററേനിയനിലെയും ബാൾക്കനിലെയും ഗോഡൗണുകളിലേക്ക് നീങ്ങുന്നുണ്ടായിരുന്നുവെന്നും മധുശ്രീ രേഖകൾ സഹിതം സമർഥിക്കുന്നു.

യുദ്ധ വിജയികളാണ് ചരിത്രമെഴുതുന്നത്. അവർ അമാനുഷരും കറകളഞ്ഞ മനുഷ്യ സ്നേഹികളുമായി ആ വ്യാജ ചരിത്രങ്ങളിൽ ചിത്രീകരിക്കപ്പെടുന്നു. വൈകിയാണെങ്കിലും അവരുടെ തനിനിറം പുറത്താവുക തന്നെ ചെയ്യും. ആ നിലക്ക് ഒരു മഹൽകൃത്യമാണ് മധുശ്രീ നിർവഹിച്ചിരിക്കുന്നത്. ■

# സയ്യിദ് ഹാമിദ് ഹുസൈൻ (1953-2010)

**രണ്ടര** പതിറ്റാണ്ടിലേറെ കർണാടകയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന് നേതൃത്വം നൽകിവരികയായിരുന്നു സയ്യിദ് ഹാമിദ് ഹുസൈൻ. കഴിഞ്ഞ ഡിസംബർ മൂന്നിനാണ് അദ്ദേഹം നമ്മെ വിട്ട് പിരിഞ്ഞത്.

അല്ലാഹുവിലും പരലോകത്തിലുമുള്ള അചഞ്ചല വിശ്വാസത്തിന്റെ അഭാവത്തിൽ കേവല വിശ്വാസം ഒരു നന്മയും നൽകുകയില്ല എന്നതാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. ഈ കരുത്താണ് അദ്ദേഹത്തെ പ്രാസ്ഥാനിക മാർഗത്തിൽ ഉറപ്പിച്ചു നിർത്തിയത്. വിനയത്തിലും ലാളിത്യത്തിലും വല്ലാത്തൊരു മാതൃകതന്നെയായിരുന്നു ഹാമിദ് ഹുസൈൻ. ഒരു പ്രസ്ഥാ ►

മുദ്രകൾ

# ആ പോരാളി ഇപ്പോഴും സയണിസ്റ്റുകൾക്ക് പേടിസ്വപ്നം തന്നെ

ഫലസ്തീനികൾക്ക് ഒരിക്കലും മറക്കാനാവാത്ത പേരാണ് ഇസ്സുദ്ദീൻ അൽ ഖസ്സാം. ഫലസ്തീനിയല്ലാതിരുന്നിട്ടും ഫലസ്തീനികളുടെ മനസ്സിൽ ഇത്രയധികം ആഴത്തിൽ പതിഞ്ഞ മറ്റൊരു പോരാളിയുടെ പേര് കണ്ടെത്തുക പ്രയാസം. ആ സ്മരണ അനശ്വരമാക്കാൻ ഹമാസ് അവരുടെ സൈനിക വിംഗിന് അൽഖസ്സാം ബ്രിഗേഡ്സ് എന്നാണ് പേരിട്ടത്. ജൂതരാഷ്ട്രത്തിന് മണ്ണൊരുക്കാനുള്ള ബ്രിട്ടീഷ് കൊളോണിയലിസത്തിന്റെ ഉപജാപങ്ങളെ തുറന്നെതിർത്ത അൽഖസ്സാമിനെ ബ്രിട്ടീഷ് സേന പിടികൂടി വധിക്കുകയായിരുന്നു– 1935 നവംബർ 20–ന്. ആ പോരാളിയുടെ രക്തസാക്ഷിത്വത്തിന് 75 വർഷം പൂർത്തിയാവുമ്പോഴും സയണിസ്റ്റ് വൈതാളികർക്ക് അദ്ദേഹത്തോടുള്ള കലി അടങ്ങിയിട്ടില്ലെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

അധിനിവിഷ്ട ഫലസ്തീനിലെ ഹൈഫാ നഗരത്തിനടുത്തുള്ള അൽഖസ്സാമിന്റെ ഖബ്റിടം അശുദ്ധമാക്കിയും കൈയേറ്റം ചെയ്തുമാണ് ജൂതകുടിയേറ്റക്കാർ രക്തസാക്ഷിത്വത്തിന്റെ എഴുപത്തിയഞ്ചാം വാർഷികത്തിൽ അദ്ദേഹത്തോട് കുടിപ്പക തീർക്കുന്നത്. നേരത്തെ തന്നെ തീർത്തും അവഗണിക്കപ്പെട്ട നിലയിലാണ് ഈ ഖബ്ർ. ഇപ്പോൾ കുടിയേറ്റക്കാർ അതിന് മുകളിൽ കറുപ്പടിച്ചിരിക്കുന്നു. കല്ലുകൾ പലതും ഇളക്കി മാറ്റിയിരിക്കുന്നു. അപമാനിക്കാനായി അവിടെ ഒരു ജൂത പതാക നാട്ടുകയും ചെയ്തു. "ഈ സമുദായത്തിലെ ആത്മാഭിമാനമുള്ള സകലരോടും സയണിസ്റ്റുകൾക്ക് വെറുപ്പാണ്. അതിനാൽ ഖബ്റിന് നേരെയുള്ള കൈയേറ്റം ആശ്ചര്യമുളവാക്കുന്നില്ല. ശഹീദ് ഖസ്സാം മരിച്ചിട്ടില്ല; ഇന്നും ജീവത്യാഗത്തിന് തയാറുള്ള തലമുറകളെ അദ്ദേഹം വാർത്തെടുത്തുകൊണ്ടിരിക്കുന്നു. ഖബ്റിനോടുള്ള അരിശം അതാണ് വ്യക്തമാക്കുന്നത്. ആത്മാർപ്പണ സന്നദ്ധത ഞങ്ങളിലിപ്പോഴും ജ്വലിച്ചുനിൽക്കുന്നു"– ഒരു ഫലസ്തീനിയുടെ പ്രതികരണം.



■ *ഇസ്സുദ്ദീൻ അൽഖസ്സാം*

അറിയപ്പെടുന്ന സിറിയൻ ഇസ്ലാമിക പണ്ഡിതനായിരുന്നു ഇസ്സുദ്ദീൻ അൽഖസ്സാം. സിറിയയിലെ ഫ്രഞ്ച് അധിനിവേശത്തിനെതിരെ പൊരുതിയതിനാൽ അധിനിവേശകർ അദ്ദേഹത്തിന് വധശിക്ഷ വിധിച്ചു. അതേത്തുടർന്ന് സിറിയയിൽനിന്ന് രക്ഷപ്പെട്ട അദ്ദേഹം ഫലസ്തീനികൾക്കൊപ്പം ചേർന്ന് ബ്രിട്ടീഷ് –സയണിസ്റ്റ് തന്ത്രങ്ങൾക്കെതിരെ ജനങ്ങളെ സംഘടിപ്പിക്കുകയായിരുന്നു. ■

---

▶ ന പ്രവർത്തകന് എത്രത്തോളം ലളിതമായി ജീവിക്കാൻ പറ്റും എന്നതിന്റെ ഉദാഹരണം.

ജമാഅത്തെ ഇസ്ലാമി സംസ്ഥാന സെക്രട്ടറി എന്ന നിലയിൽ തിരക്കു പിടിച്ച ജീവിതത്തിനിടയിലും ചാർജ് കുറഞ്ഞ ചുവപ്പ് നിറത്തിലുള്ള ബസ്സുകളിലായിരുന്നു അദ്ദേഹത്തിന്റെ അധിക യാത്രകളും.

1978–ൽ സിന്ദനൂർ പ്രാദേശിക ഹൽഖാ നാസിമായിരുന്ന പിതാവ് സയ്യിദ് ഹുസൈൻ നിര്യാതനായപ്പോൾ, 25 വയസ്സുള്ള പുത്രൻ ഹാമിദ് ഹുസൈൻ നിറകണ്ണുകളോടെ അവിടെ കൂടിയിരുന്നവരെ സാക്ഷിയാക്കി പറഞ്ഞു: 'പിതാവിന്റെ ദൗത്യം ഞാനിതാ ഏറ്റെടുക്കുന്നു.' അത് 2010 ഡിസംബർ മൂന്നു വരെ നിറവേറ്റുകതന്നെ ചെയ്തു. 1982–ൽ എസ്.ഐ.ഒ നിലവിൽ വന്നതിനുശേഷം കർണാടക –ഗോവ സംസ്ഥാനങ്ങളുടെ പ്രസിഡന്റ് ചുമതല മുഹമ്മദ് ഇഖ്ബാൽ മുല്ല ഏറ്റെടുത്തപ്പോൾ, ഹാമിദ് ഹുസൈനെ തേടി സെക്രട്ടറി സ്ഥാനം എത്തി. എസ്.ഐ.ഒ കാലാവധി കഴിഞ്ഞ ഉടൻ ജമാഅത്ത് ഹൽഖാ സെക്രട്ടറി, കുറച്ചുകാലം അസി. ഹൽഖാ അമീർ, മരിക്കുമ്പോൾ ജനറൽ സെക്രട്ടറി സ്ഥാനവും. ഏത് ഉത്തരവാദിത്വവും സന്തോഷപൂർവം ചുമലിലേറ്റി അദ്ദേഹം. ആൾക്കൂട്ടത്തിൽ നിന്ന് എന്നും ഒഴിഞ്ഞു നിൽക്കാനാണ് ഹാമിദ് ഹുസൈൻ ആഗ്രഹിച്ചത്. പണ്ഡിതനോ പ്രഭാഷകനോ ഒന്നുമല്ലെങ്കിലും ജമാഅത്തിന്റെ എല്ലാ വേദികളിലും അദ്ദേഹം നിറഞ്ഞുനിന്നു. സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയിരുന്നു. ഭാര്യയും മൂന്ന് പുത്രന്മാരും രണ്ട് പുത്രിമാരുമുണ്ട്.



■ *ഹാമിദ് ഹുസൈൻ*

അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കുമാറാവട്ടെ. ഈ വേർപാട് താങ്ങാനുള്ള മനക്കരുത്ത് കുടുംബത്തിനും സഹപ്രവർത്തകർക്കും നൽകുമാറാകട്ടെ. ■

**അബ്ദുർറഹ്മാൻ വീരാജ്പേട്ട**